(സി) 1965-ലെ പ്രസ്തുത ചട്ടങ്ങൾക്ക് നിയമ സാധ്യതയുണ്ടെങ്കിൽ ധനകാര്യ വകുപ്പ് പഞ്ചായത്തുകൾക്ക് പ്രത്യേക അക്കൗണ്ടിംഗ് 1-4-2003 മുതൽ നടപ്പിലാക്കിയ ഉത്തരവ് പിൻവലിക്കുമോ?

ഉത്തരം

(എ) ചട്ടങ്ങൾ പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) & (സി) ഉദിക്കുന്നില്ല. 1-4-2003-ലെ ഉത്തരവ് പിൻവലിക്കേണ്ട ആവശ്യമില്ല. കൺട്രോളർ ആന്റ് ആഡിറ്റർ ജനറലിന്റെ നിർദ്ദേശപ്രകാരമാണ് ഈ ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നത്. ഈ ഉത്തരവ് നടത്തിപ്പിന്റെ അനുഭവം പഠിച്ച് വേണ്ട മാറ്റങ്ങൾ വരുത്തി കേരള പഞ്ചായത്ത്‌രാജ് ആക്ടിന്റെ കീഴിലുള്ള ചട്ടമായിട്ട് പുറപ്പെടുവിക്കുവാൻ ഉദ്ദേശിക്കുന്നു.

തൃശ്ശൂർ ജില്ലയിലെ പഞ്ചായത്തുകളുടെ ഫണ്ട് വിനിയോഗം

35 [1721] *ശ്രീ. എ. സി. മൊയ്തീൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ ത്രിതല പഞ്ചായത്തുകൾക്ക് അനുവദിച്ച പദ്ധതി തുകയിൽ പൂർണ്ണമായി ചെലവഴിച്ചവയുടെ വിവരം ലഭ്യമാക്കുമോ;

(ബി) മറ്റു പഞ്ചായത്തുകളിൽ അനുവദിച്ച പദ്ധതിതുകയും ചെലവഴിച്ചതിന്റെ കണക്കും ലഭ്യമാക്കുമോ?

ഉത്തരം

(എ) ത്രിതല പഞ്ചായത്തുകൾക്ക് പത്താം പഞ്ചവത്സര പദ്ധതിയുടെ ആദ്യ വർഷത്തിൽ നൽകിയ തുകയും മുൻവർഷത്തെ കാരി ഓവർ തുകയും ഉൾപ്പെടെയുള്ള തുകയിൽ ഒരു പഞ്ചായത്തും പൂർണ്ണമായി തുക ചെലവഴിച്ചില്ല. 2003-2004 വാർഷിക പദ്ധതിയിൽ ചാവക്കാട്, പഴയന്നൂർ, മുല്ലശ്ശേരി, ചേർപ്പ്, വെള്ളാങ്ങല്ലൂർ എന്നീ ബ്ലോക്ക് പഞ്ചായത്തുകളും കൊണ്ടാഴി, പഴയന്നൂർ, അടാട്ട്, അവണൂർ, അളഗപ്പനഗർ, ശ്രീനാരായണപുരം എന്നീ ഗ്രാമപഞ്ചായത്തുകളും തുക പൂർണ്ണമായി ചെലവഴിച്ചു. 2004-2005 വാർഷിക പദ്ധതിയിലെ ചെലവ് ക്രോഡീകരിച്ചു വരുന്നതേയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

(ബി) തൃശ്ശൂർ ജില്ലയിലെ പഞ്ചായത്തുകളുടെ 2003-2004 വാർഷിക പദ്ധതിയിലെ ചെലവ് അനുബന്ധമായി കൊടുക്കുന്നു.†

ഇലക്ഷൻ കമ്മീഷൻ അയോഗ്യത കൽപ്പിച്ചവർ

36 [1722] *ശ്രീ. ബിനോയ് വിശ്വം:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ത്രിതല പഞ്ചായത്തുകളിലെ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് വരവു ചെലവു കണക്കുകൾ യഥാസമയം ഹാജരാക്കാത്തതിന്റെ പേരിൽ ജില്ലാ പഞ്ചായത്ത്, ബ്ളോക്ക് പഞ്ചായത്ത്, ഗ്രാമ പഞ്ചായത്ത് എന്നിവയിൽ അംഗങ്ങളായ എത്രപേരെ ഇലക്ഷൻ കമ്മീഷൻ അയോഗ്യരാക്കിയിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) ഇത്തരത്തിൽ അയോഗ്യരാക്കപ്പെട്ട എത്ര അംഗങ്ങൾ ജില്ലാ പഞ്ചായത്തിലും, ബ്ളോക്ക് പഞ്ചായത്തിലും, ഗ്രാമപഞ്ചായത്തിലും വരുമെന്ന് അറിയിക്കാമോ;

(സി) കോടതിവിധിയിലൂടെ എത്ര അംഗങ്ങൾ അയോഗ്യരായിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) & (ബി) കോഴിക്കോട് ജില്ലയിൽ ഗ്രാമപഞ്ചായത്തിൽപ്പെട്ട 4 പേരെ അയോഗ്യരാക്കിയിട്ടുണ്ട്.

(സി) സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

തിരുവനന്തപുരം ജില്ലാ പഞ്ചായത്ത്, തിരുവനന്തപുരം കോർപ്പറേഷൻ, തിരുവനന്തപുരം റൂറൽ ബ്ലോക്ക് എന്നിവിടങ്ങളിലെ വാർഡ് വിഭജനം

37 [1723] *ശ്രീ. കെ. മോഹൻകുമാർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലാ പഞ്ചായത്ത്, തിരുവനന്തപുരം കോർപ്പറേഷൻ, തിരുവനന്തപുരം റൂറൽ ബ്ലോക്ക് എന്നീ തദ്ദേശ ഭരണ സ്ഥാപനങ്ങളിലേക്ക് ഏറ്റവും അവസാനമായി കരട് വോട്ടർ പട്ടിക പ്രസിദ്ധീകരിച്ചത് എന്നാണെന്ന് അറിയിക്കാമോ;

(ബി) ഈ തദ്ദേശഭരണ സ്ഥാപനങ്ങളുടെ വാർഡ് വിഭജനം പൂർത്തീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വാർഡുകളുടെ എണ്ണം അറിയിക്കാമോ;

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly